**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മാണം - പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1350/2019 /തസ്വഭവ. തീയതി, തിരുവനന്തപുരം, 02.07.2019

പരാമർശം : 1) സ.ഉ.(സാധാ) നം. 3460/2017/തസ്വഭവ തീയതി 30.10.2017.

2) പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ 31/11/2018-ലെ ഡിബി7/14214/2018/സിഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ ശ്രീമതി ഗീത ഗോപി എം.എൽ.എയുടെ (2015-2016) ആസ്തി വികസന പദ്ധതിയിൻ കീഴിൽ നാട്ടിക നിയോജകമണ്ഡലത്തിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് 100 ലക്ഷം രൂപ (രൂപ നൂറ് ലക്ഷം മാത്രം) ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി പ്രവർത്തി പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് നടപ്പാക്കേണ്ടതാണെന്ന് ടി ഉത്തരവിൽ സൂചിപ്പിച്ചിട്ടില്ലയെന്നും ആയതിനാൽ ഭരണാനുമതി ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (1) ലെ എല്ലാ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ ശ്രീമതി ഗീത ഗോപി എം.എൽ.എയുടെ (2015-2016) ആസ്തി വികസന പദ്ധതിയിൻ കീഴിൽ നാട്ടിക നിയോജകമണ്ഡലത്തിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പരാമർശം (1) -ലെ ഉത്തരവ് ഭേദഗതി ചെയ്ത് നാട്ടിക നിയോജകമണ്ഡലത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിലെ മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പദ്ധതിയുടെ നിർവ്വഹണത്തിന് 100 ലക്ഷം രൂപയുടെ (രൂപ നൂറ് ലക്ഷം മാത്രം)

പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് നടപ്പാക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീമതി. ഗീത ഗോപി എം.എൽ.എ, നാട്ടിക നിയോജകമണ്ഡലം, തൃശ്ശൂർ ജില്ല.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, പൊതുമരാമത്ത് വകുപ്പ്, തൃശ്ശൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള.
സെക്രട്ടറി, ചാഴൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.
ധനകാര്യ വകുപ്പ് (കുറിപ്പ് നം NC-C3/37/2016/Fin dated 27/02/2019 )
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം. 461/ഇപിഎ 3/2015)

ഉത്തരവിൻപ്രകാരം

Danjo M

സെക്ഷൻ ഓഫീസർ